## പദ്ധതിയുടെ വിശദവിവരങ്ങൾ

1. കൃഷിക്കാവശ്യമായ സങ്കര വർഗ്ഗത്തിൽപ്പെട്ട ടെനിറ തൈകൾ സബ്സിഡിയോടുകൂടി (ഒരു ഹെക്ടറിന് 20,000 രൂപ സബ്സിഡി) കർഷകർക്ക് വിതരണം ചെയ്യുന്നതാണ്.
2. എണ്ണപ്പന കൃഷിക്കനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും അവിടെ തൈകൾ നടുന്നതിനും വേണ്ട സാങ്കേതിക ഉപദേശം കൃഷിക്കാർക്ക് ലഭ്യമാക്കുന്നതാണ്.
3. ആദ്യ നാലുവർഷക്കാലം കൃഷി ചെലവിന്റെ 50 ശതമാനത്തിൽ കവിയാത്ത താഴെ പറയുന്ന തുക സബ്സിഡിയായി ഓരോ വർഷവും നൽകുന്നതാണ്.

| | |
|---|---|
| **ഒന്നാം വർഷം** | **- 5250 രൂപ** |
| (ഇടവിളകൃഷി | - 5250 രൂപ) |
| **രണ്ടാം വർഷം** | **- 5250 രൂപ** |
| **മൂന്നാം വർഷം** | **- 5250 രൂപ** |
| **നാലാം വർഷം** | **- 5250 രൂപ** |

4. എണ്ണപ്പന കൃഷിക്ക് തുടർന്നും ആവശ്യമായി വരുന്ന സാങ്കേതിക സഹായങ്ങൾ കൃഷിക്കാർക്ക് സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ കാലാകാലങ്ങളിൽ നിജപ്പെടുത്തി കൃഷിക്കാർക്ക് നൽകുന്നതാണ്.
5. എണ്ണപ്പനകൃഷിയിൽ സാങ്കേതിക പരിശീലനം നേടുവാൻ ആഗ്രഹിക്കുന്ന കർഷകർക്ക് സാങ്കേതിക പരിശീലനം നൽകുന്നതാണ്.
6. കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന എണ്ണപ്പനകുലകൾ ഓയിൽ പാം ഇൻഡ്യാ സംസ്കരിച്ച് അതിന്റെ വില എണ്ണ വിലയുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ നിജപ്പെടുത്തി കൃഷിക്കാർക്ക് നൽകുന്നതാണ്.
7. ജലസേചന സൗകര്യങ്ങൾ വികസിപ്പിക്കുവാൻ ആഗ്രഹിക്കുന്ന കർഷകർക്ക് പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതാണ്.

ജലസേചന സൗകര്യത്തോടുകൂടി എണ്ണപ്പന കൃഷി ചെയ്താൽ ഒരു ഹെക്ടറിൽ നിന്ന് ഒരു വർഷം 25 മുതൽ 30 ടൺ വരെ പനങ്കുലകൾ ഉല്പാദിപ്പിക്കുവാൻ കഴിയും. അതായത് നിലവിലുള്ള മറ്റെല്ലാ തോട്ടവിളകളെക്കാളും ഏറ്റവും ആദായകരമായി കൃഷി ചെയ്യാൻ സാധിക്കും എന്നതാണ് ഈ കൃഷിയുടെ പ്രത്യേകത.

നിങ്ങളുടെയും നാടിന്റെയും അഭിവൃദ്ധിക്കായി എണ്ണപ്പന കൃഷിയിൽ പങ്കാളികളായി ഭാരതത്തെ ഭക്ഷ്യയെണ്ണ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനുള്ള കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ശ്രമത്തെ വിജയിപ്പിക്കുക.

പദ്ധതിപ്രകാരം എണ്ണപ്പനകൃഷി ആരംഭിക്കാൻ ആഗ്രഹിക്കുന്നവർ അഞ്ചൽ ഭാരതീപുരത്തുള്ള **N.M.E.O - OP** മാനേജരുടെ ഓഫീസുമായി ബന്ധപ്പെടുക.

**ഫോൺ : 7594955504, 7594955505**
Email: nfsm@oilpalmindia.com



ഭാരതീപുരം എണ്ണപ്പന തോട്ടത്തിലെ അത്യന്താധുനിക ഫാക്ടറി

**Plantations**
Yeroor Estate, Chithara Estate, Kulathupuzha Estate
(Kollam District)

**Oil Palm Seed Garden**
Vattimattom, Thodupuzha, Idukki district

**NATIONAL MISSION ON EDIBLE OIL- OIL PALM**
OIL PALM INDIA LTD
YEROOR ESTATE, BHARATHEEPURAM P.O
KOLLAM - 691312
PH: 9745766467 Email: nfsm@oilpalmindia.com

**OIL PALM INDIA LIMITED**
(A Joint Venture of Govt. of Kerala & Govt. of India)
Regd.Off XIV/130. Kottayam South P.O, Kodimatha, Kottayam
Kerala, India, Pin - 686 013, Tel : 2566882, 2567103
Fax : 0481 - 2561442
Email : mdopil@yahoo.co.in

# എണ്ണപ്പന

## സവിശേഷതകളും കൃഷിരീതികളും

നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽ – ഓയിൽ പാം





**ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡ്**
(കേന്ദ്ര – കേരള സർക്കാരുകളുടെ ഒരു സംയുക്ത സംരംഭം)

## 1. സവിശേഷതകൾ



1. ഹ്രസ്വകാലം കൊണ്ട് ആദായം തരുന്ന ഒരു ദീർഘകാല വിളയാണ് എണ്ണപ്പന. തൈ നട്ട് 4 വർഷം കഴിഞ്ഞാൽ ആദായം ലഭിച്ചു തുടങ്ങുന്നു.
2. എല്ലാ ദീർഘകാല എണ്ണയുല്പാദന വിളകളെക്കാളും ഉല്പാദനക്ഷമതയുള്ള ഒരു വിളയാണ് എണ്ണപ്പന. ഒരു വർഷം ഒരു ഹെക്ടറിൽ 4 മുതൽ 6 വരെ ടൺ എണ്ണ അനുയോജ്യകാലാവസ്ഥയിലും പരിചരണത്തിലും ലഭിക്കുന്നു.
3. കുറഞ്ഞ മുതൽ മുടക്കിൽ കൃഷി ചെയ്യാമെന്നുള്ളത് ഇതിന്റെ സവിശേഷതയാണ്.
4. മറ്റു തോട്ട വിളകളെക്കാൾ കൃഷി ചെലവ് ഈ വിളയ്ക്ക് കുറവാണ്.
5. നിലവിലുള്ള തോട്ടവിളകളെക്കാൾ കൂടുതൽ ആദായം ലഭിക്കുന്നു.
6. ഏതൊരു മണ്ണിലും, ഏതൊരു കാലാവസ്ഥയിലും കൃഷി ചെയ്യാവുന്ന ഒരു വിളയാണ് പക്ഷേ ആദായത്തിന്റെ ഏറ്റക്കുറച്ചിൽ ഉണ്ടാകാവുന്നതാണ്.
7. ഭാരതത്തിലെ നിലവിലുള്ള ഭക്ഷ്യയെണ്ണ ദൗർലഭ്യത്തിന് ഈ കൃഷി ഒരു പരിഹാരമായിരിക്കും.
8. ഇടവിളയായി പനകളുടെ ഇടയിൽ ഉള്ള സ്ഥലത്ത് പച്ചക്കറി,പുകയില, മുളക്, മഞ്ഞൾ, ഇഞ്ചി, കൈത മുതലായവ കൃഷി ചെയ്യാവുന്നതാണ്. ഇടവിളകൃഷി പനയുടെ വളർച്ചയെ ബാധിക്കാതെ ശ്രദ്ധിക്കണം.
9. പനയിൽനിന്നും വെട്ടി മാറ്റുന്ന പനമടലുകൾ ജൈവവളമായും ഒരു ഇന്ധനമായും ഉപയോഗിക്കാവുന്നതാണ്.
10. മറ്റു നാണ്യവിളകളെക്കാൾ മോഷണശല്യം കുറവാണ്.
11. പനയെണ്ണയിലടങ്ങിയിട്ടുള്ള വിറ്റാമിൻ - എ. വിറ്റാമിൻ- ഇ എന്നിവ ആരോഗ്യ സംരക്ഷണത്തെ പരിപോഷിപ്പിക്കുകയും ഹൃദ്രോഗത്തെയും, ക്യാൻസർ രോഗത്തെയും ചെറുക്കുവാൻ സഹായിക്കുകയും ചെയ്യുന്നു.
12. പനയെണ്ണ പാചകയെണ്ണയായും, വിവിധ വ്യാവസായിക ആവശ്യങ്ങൾക്കുമായും ഉപയോഗിക്കാവുന്നതാണ്.



